**File No.HEDN-F2/278/2019-HEDN**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - എറണാകുളം മഹാരാജാസ് കോളേജിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ജയശ്രീ സി.എം.,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.737/2020/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 08/06/2020**

---

പരാമർശം:- 1 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 09.11.2018 - ലെ സി1/20231/2016/കോ.വി.വ നമ്പർ നടപടി ക്രമം.

2 സ.ഉ(സാധാ) നം.1943/2019/ഉ.വി.വ തീയതി 29.10.2019.

3 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12.04.2017-ലെയും 17.01.2020 - ലെയും സി1/20231/2016/കോ.വി.വ നം.കത്തുകൾ.

<u>**ഉത്തരവ്**</u>

എറണാകുളം മഹാരാജാസ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.ബി.കുമാര പിള്ള 31.05.2016 - ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ 01.06.2016 പൂർവാഹ്നം മുതൽ 30.06.2016 അപരാഹ്നം വരെ ടി കോളേജിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ജയശ്രീ.സി.എം - ന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അധിക ചുമതല നൽകിയ കാലയളവിൽ അർഹമായ ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം മഹാരാജാസ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ . ബി . കുമാരപിള്ള 31.05.2016 ന് സേവനത്തിൽ നിന്നും വിരമിച്ചതിനെതുടർന്ന് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന തസ്തികയുടെ പൂർണ്ണ അധിക ചുമതല (സാമ്പത്തികാധികാരത്തോടുകൂടി) വഹിച്ച ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ജയശ്രീ.സി.എം -ന് കെ.എസ്.ആർ ഭാഗം I, ചട്ടം 53 A II (c), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.06.2016 മുതൽ 30.06.2016 വരെയുള്ള കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലസുബ്രഹ്മണ്യൻ വി**

**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(24.4.2020-ലെ 1388851/HEDN-C4/90/2019-Fin നം.കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,ഡയറക്ടർ ,ഐ &പി.ആർ.ഡി

നോഡൽ ഓഫീസർ( highereducation.kerala.gov.in)

Nodal.

**File No.HEDN-F2/278/2019-HEDN**

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ